"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - കോവിഡ്-19 ചികിത്സയും പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെടുന്ന 2020 ഏപ്രിൽ 30-ന് വിരമിച്ച ജീവനക്കാരുടെ സേവനം തുടർന്നും ലഭ്യമാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ആരോഗ്യ കുടുംബക്ഷേമ (എം) വകുപ്പ്

സ.ഉ.(സാധാ) നം.819/2020/ആ.കു.വ  തീയതി,തിരുവനന്തപുരം, 30/04/2020.

---

പരാമർശം:- 1 സ.ഉ.(സാധാ) നം. 687/2020/ആ.കു.വ തീയതി 01/04/2020

2 ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 29/04/2020 തീയ്യതിയിലെ ഇ.ഡി.(ഡി)-45 /2020 /ആ.വ.ഡ നമ്പർ കത്ത്

**ഉത്തരവ്**

മേൽ പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം 2020 മാർച്ച് 31ന് വിരമിച്ച ആരോഗ്യ വകുപ്പിലേയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയും കോവിഡ്-19 ചികിത്സയും പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെട്ടിരുന്ന ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനായി ഇവരെ വിടുതൽ ചെയ്തതിന് ശേഷം വിരമിക്കൽ മൂലമുണ്ടായ ഒഴിവുകളിലേക്ക് സ്ഥിര നിയമനം നടത്തുന്നതുവരെയോ അല്ലെങ്കിൽ പരമാവധി 3 മാസ കാലയളവിലേക്കോ (ജൂൺ 30 വരെ) അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിക്കുന്നതിന് അനുമതി നൽകിയിരുന്നു. കോവിഡ്-19 മഹാമാരിയെത്തുടർന്നുള്ള ചികിത്സ-പ്രതിരോധ പ്രവർത്തനങ്ങൾ ഇപ്പോഴും തുടരുന്ന സാഹചര്യത്തിൽ, 30/04/2020 ന് വിരമിക്കുന്ന ആരോഗ്യ വകുപ്പിലെ ജീവനക്കാരെ അഡ്ഹോക് വ്യവസ്ഥയിൽ നിലനിർത്താൻ പരാമർശം (2) ലെ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.അതനുസരിച്ച് 2020 ഏപ്രിൽ 30-ന് വിരമിക്കുന്ന ആരോഗ്യ വകുപ്പിലേയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയും കോവിഡ്-19 ചികിത്സയും പ്രതിരോധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ നേരിട്ട് ഇടപെട്ടിരുന്ന ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്തുന്നതിനായി ഇവരെ വിടുതൽ ചെയ്തതിന് ശേഷം, വിരമിക്കൽ മൂലമുണ്ടായ ഒഴിവുകളിലേക്ക് സ്ഥിര നിയമനം നടത്തുന്നതുവരേയോ അല്ലെങ്കിൽ പരമാവധി 2 മാസകാലയളവിലേക്കോ (ജൂൺ 30 വരെ) അഡ്ഹോക്ക് വ്യവസ്ഥയിൽ നിയമിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എൻ.ആർ.ശ്രീലേഖ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ & ഇ ) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by ANIL KUMAR D
Date: 2020.04.30 20:46:42 IST
Reason: Approved

സെക്ഷൻ ഓഫീസർ

മേലെഴുത്ത് no. ED(D)/45/2020/ആ.വ.സ തീയതി 8.5.20.

വകുപ്പ് അറിവിലേക്കും അനന്തരനടപടികൾക്കുമായി എല്ലാ ജില്ലാ മെഡിക്കൽ ആഫീസർമാർക്കും സ്ഥാപന മേധാവികൾക്കുമായി നൽകുന്നു. സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥാപനമേധാവികൾ നിയമന നടപടികൾ സ്വീകരിക്കേണ്ടതാണ്

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി